# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി-പി8/779/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി-പി8/779/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സി.സി.ജ്യോതിമോൻ ,ഓഡിറ്റ് ഓഫീസർ
പി.ശ്രീദേവി ,ഓഡിറ്റ് ഓഫീസർ
എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജാക്വിലിൻ .പി. ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ലേഖ. പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ. ഡി. പ്രിയേഷ് കുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. സുദർശനബായ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ഇ.ക്ലീറ്റസ് | സെക്രട്ടറി | 01-04-2020 | 23-07-2020 |
| | | 04-08-2020 | 09-08-2020 |
| ശ്രീ.ഷാജി.ടി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2020 | 03-08-2020 |
| | | 10-08-2020 | 11-10-2020 |
| ശ്രീമതി.അജിതകുമാരി.എൽ | സെക്രട്ടറി | 12-10-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജോർജ്ജ് വർഗ്ഗീസ് | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ. രജനി | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.ജിജിജോൺ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.വിദ്യ എം.പൈ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ. ജി.വിനോദ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീ. ഷാജി.ടി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീമതി. ഹാഷ്മിരാജ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 05-01-2021 |
| ശ്രീമതി.ആതിര | വി.ഇ.ഒ, മാരാരിക്കുളം നോർത്ത്(ഇൻ ചാർജ്ജ്) | 06-01-2021 | 31-03-2021 |
| ശ്രീമതി.സ്മിത. ഒ | വി.ഇ.ഒ, മാരാരിക്കുളം നോർത്ത് | 01-04-2020 | 31-03-2021 |
| ശ്രീമതി. സലില | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 30-06-2020 |
| ശ്രീമതി. രശ്മി മാനുവൽ | ഡയറി എക്സ്റ്റെൻഷൻ | 01-07-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. സ്വർണ്ണമ്മ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ലീന | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 02-03-2021 |
| ശ്രീമതി. ഷീന.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-03-2021 | 31-03-2021 |
| ശ്രീമതി. സന്ധ്യ എസ് പുത്തൻവെളി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അശ്വതി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലീന | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീമതി. പ്രിയമ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 09-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 09-09-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 09-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 09-09-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Jaquiline P.W (Senior Grade Auditor, On 11-09-2021)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 11-09-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Jaquiline P.W (Senior Grade Auditor, On 11-09-2021)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 11-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jaquiline P.W (Senior Grade Auditor, On 12-09-2021)<br>Last Updated By: Lekha (Auditor, On 16-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 11-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 11-09-2021) | 1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 11-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-09-2021) | 1-6 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Jaquiline P.W (Senior Grade Auditor, On 11-09-2021)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 11-09-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: A.D.Beena (Asst. Audit Officer, On 23-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 23-09-2021) | 1-8 |
| 10 | ക്യാഷ് പരിശോധന<br>Written By: Lekha (Auditor, On 12-09-2021)<br>Last Updated By: Lekha (Auditor, On 12-09-2021) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Lekha (Auditor, On 15-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-11 |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Lekha (Auditor, On 15-09-2021)<br>Last Updated By: Lekha (Auditor, On 16-09-2021) | 1-12 |
| 14 | സ്ഥാപന നികുതി ഈടാക്കിയില്ല<br>Written By: Lekha (Auditor, On 15-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-13 |
| 15 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Lekha (Auditor, On 15-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-14 |
| 16 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-<br>Written By: A.D.Beena (Asst. Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-15 |
| 17 | കാലിവീപ്പയുടെ വില -18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-16 |
| 18 | നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി | 1-17 |

| | | |
|---|---|---|
| | പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | |
| 19 | ആസ്തി സംരക്ഷണം<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-18 |
| 20 | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -- അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-19 |
| 21 | ക്ഷീരകർഷകർക്ക് ധാതുലവണമിശ്രിതവും വിരമരുന്നും നൽകൽ - വിതരണം പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-20 |
| 22 | ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-21 |
| 23 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-22 |
| 24 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-23 |
| 25 | പച്ചക്കറിവിത്ത്, വളം - വിതരണ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-24 |
| 26 | ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-09-2021) | 1-25 |
| 27 | സാമൂഹ്യ സുരക്ഷാപെൻഷൻ മരണശേഷവും തുക നൽകി<br>Written By: A.D.Beena (Asst. Audit Officer, On 23-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 23-09-2021) | 1-26 |
| 28 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം -അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: P. Sreedevi (Audit Officer, On 16-09-2021) | 1-27 |
| 29 | അനിവാര്യ ചുമതലകൾ<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-28 |
| 30 | പാൽവെട്ടം-എൽ.ഇ.ഡി ഗ്രാമം പദ്ധതി -അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-29 |
| 31 | വെള്ളക്കരം- വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല.<br>Written By: P. Sreedevi (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സാമൂഹ്യസുരക്ഷ പെൻഷൻ – മരണശേഷവും തുക നൽകി<br>Written By: C.C Jyothimon (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 16-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 4-1 |

| | | |
|---|---|---|
| | Written By: Jaquiline P.W (Senior Grade Auditor, On 15-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 16-09-2021) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 16-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 14-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 16-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2021) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: P. Sreedevi (Audit Officer, On 16-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 12-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 12-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 02.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29,98,92,100 | 12,49,30,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെണ്ടീച്ചർ പത്രിക പ്രകാരം) | 21,76,82,964 | 21,82,27,322 |

### 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ് 29,98,92,100/-രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 21,76,82,964/-രൂപ മാത്രമാണ്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന തരത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 17.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഭാഗം 4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21240250 | 21240250 | 19348956 | 1891294 (ലാപ്സ്ഡ്) |
| വികസന ഫണ്ട്(എസ്.സി.പി.) | 00 | 4785000 | 4785000 | 3696750 | 1088250 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 00 | 546000 | 546000 | 370000 | 176000 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 00 | 5249000 | 5249000 | 5249000 | 00 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 00 | 6664901 | 6664901 | 5516186 | 1148715 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 00 | 24490206 | 24490206 | 12117404 | 12372802 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 168 | 293624206 | 119 | 82939984 | 00 | 49 | 70.83 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18584378 |
| വരവ് | 103951041 |
| ആകെ | 122535419 |
| ചെലവ് | 111534675 |
| നീക്കിയിരിപ്പ് | 11000744 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 612338 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 548599 | 1474492 | 2023091 | 1570000 | 453091 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 66688701 | 66688701 | 66688701 | 00 |
| ആകെ | 548599 | 68163193 | 68711792 | 68258701 | 453091 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 172320 | 244 |
| കർഷകതൊഴിലാളി പെൻഷൻ | 8426000 | 555 |
| വിധവാപെൻ ഷൻ | 10673500 | 1331 |
| വാർദ്ധക്യകാല പെൻഷൻ | 16411700 | 472 |
| വികലാംഗപെൻഷൻ | 6962500 | 141 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 2099600 | 714 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.9.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4938/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷ പർച്ചേസുകളുടെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇത് സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഓഡിറ്റ് ഇംപാക്ട്

പഞ്ചായത്തിലെ 11/200 B നമ്പർ കെട്ടിടത്തിന്റെ ഉടമയായ വത്സലകുമാരി,ചിത്തിര, എന്ന വ്യക്തി 146.12 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും 161.32 ച.മീ വാസഗൃഹം പൂർത്തീകരിച്ചതിനാണ് കെട്ടിടനമ്പർ (11/200 B) നല്കി നികുതി ഈടാക്കിയത്. 150 ച.മീറ്ററിന് മുകളിലുള്ള വാസഗൃഹ പെർമിറ്റ് നിരക്കായ 7/-രൂപ പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (15/13.9.21) നല്കിയതിനെ തുടർന്ന് 1047/- രൂപ ഒടുക്കിയിട്ടുണ്ട്. (രസീത് നം.1210201012521/15.09.21-356/-,രസീത് നം .12102010125З/15.9.21-691/-)

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ വിവരങ്ങളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ/ ഉടമയുടെ പേര് | വിസ്തീർണ്ണം | അപാകത |
|---|---|---|---|
| 1 | 9/235 A, ആർ .രാജീവ്, വാഴവേലി | 195.98 $M^2$ പാർപ്പിടാവശ്യം | 1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യത്തിന് 10% ഇളവ് നൽകിയിരിക്കുന്നു |
| 2 | 11/200B വത്സലകുമാരി, ചിത്തിര | 161.32$m^2$, പാർപ്പിടാവശ്യം | 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകിയിട്ടില്ല |
| 3 | 3/192 A, സുമേഷ് .പി.ആർ പടവൂർ വീട് | താഴത്തെ നില-87.19$m^2$ ഒന്നാം നില-87.19$m^2$ പാർപ്പിടാവശ്യം | ഒന്നാം നിലയ്ക്ക് മാത്രം ബാധകമായ കുറഞ്ഞതരം മേൽക്കൂര ഇളവായ 10% ആകെ വിസ്തീർണ്ണത്തിനും നൽകിയിരിക്കുന്നു |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/13.9.21)നൽകിയതിന് മറുപടി ലഭ്യമാക്കിയതു പ്രകാരം നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട് . ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | മാരാരിക്കുളം സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് എ -97 | 1& 2 |
| 2 | മാവേലി സ്റ്റോർ | 1& 2 |
| 3 | ധനലക്ഷ്മി ബാങ്ക് കണിച്ചുകുളങ്ങര ബ്രാഞ്ച് | 1& 2 |
| 4 | ക്ഷീരോൽപ്പാദക സഹകരണസംഘം, പൊക്ലാശ്ശേരി | 1& 2 |
| 5 | ക്ഷീരോൽപ്പാദക സഹകരണസംഘം, ജനക്ഷേമം | 1& 2 |

കൂടാതെ പഞ്ചായത്ത് പരിധിയിലെ റേഷൻകട ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/9.9.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന നികുതി ,തൊഴിൽ നികുതി എന്നിവ വീഴ്ചകൂടാതെ ഈടാക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല.

1) പ്രോജക്ട് നം S00 44/21 ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ

അടങ്കൽ-2,50000/- തനത് ഫണ്ട് -2,00000/- മെയിന്റനൻസ് ഫണ്ട്-50000/-

ചെലവ് വൗച്ചർ നം -22001147/8.3.21, ചെക്ക് നം 37206/8.3.21- 200000/-

ബിൽ നം -1/20-21 തീ.28.1.2021 -50000/-

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പ്രോഫോമ ഇൻവോയിസ് നം PF 434 Dt 8.9.2020 പ്രകാരം 250000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല.

2)പ്രോജക്ട് നം S00 45/21 എൻ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ

അടങ്കൽ-3,00000/-(മെയിന്റനൻസ് ഫണ്ട്)

ചെലവ് -ബിൽ നം 2/20-21 തീയതി 28.1.21-3,00000/-

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോഫോമ ഇൻവോയിസ് നം PF 433 Dt 8.9.2020 പ്രകാരം, 3,00000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ ഇതേ പ്രൊഫോമ ഇൻവോയിസ് നമ്പർ പ്രകാരമുള്ള മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/9.9.21) യ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 550000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാനും കുറ്റമറ്റരീതിയിൽ ഏകോപിപ്പിക്കുവാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പഞ്ചായത്ത് പുലർത്തിപോരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കോവിഡ് 19ജാഗ്രതാപോർട്ടലിൽ രജിസ്റ്റർ ചെയ്ത250 വോളന്റിയേഴ്സിന് ഓൺലൈൻ പരിശീലനം ലഭ്യമാക്കുകയും ഇതിൽ നിന്ന് ഒരു വാർഡിൽ 10 പേരെ വീതം 180 അംഗങ്ങളെ വാർഡുതല ജാഗ്രതാ സമിതിയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കോവിഡുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനുമായി 24x7 എന്ന സമയക്രമത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. കൂടാതെ പ്രത്യേക പരിഗണന നൽകേണ്ടവരുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ബഡ്സ് സ്കൂൾ അദ്ധ്യാപകരുടേയും ആയമാരുടേയും സേവനം ലഭ്യമാക്കുന്നുണ്ട്. ആയതിന്റെ മേൽനോട്ടച്ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ചു വരുന്നു. ഹെൽപ്പ് ഡെസ്കിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് വരുന്നു.

വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ, അംഗനവാടി വർക്കർമാർ, കുടുബശ്രീ സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, സ്ഥലത്ത് താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഗ്രൂപ്പ് രൂപീകരിക്കുകയും കിടപ്പ് രോഗികളുടേയും മറ്റ് രോഗങ്ങൾ ഉള്ളവരുടേയും വിവരങ്ങൾ ശേഖരിക്കുകയും പെട്ടെന്ന് വൈദ്യസഹായം ആവശ്യമായി വന്നാൽ ആംബുലൻസ് ഉൾപ്പെടെയുള്ള സഹായം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള സഹായങ്ങളും ഇവർക്ക് ലഭ്യമാക്കുന്നുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടേയും ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു. കോവിഡുമായി ബന്ധപ്പെട്ട വിവര ലഭ്യത കൃത്യമാണെന്ന് ഉറപ്പാക്കി ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നു.

കോവിഡ് 19 ഒന്നാം ഘട്ടത്തിൽ 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ കീഴിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നു. കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം ഏറ്റെടുത്ത് CFLTC ക്ക് വേണ്ട ഭൗതീക സാഹചര്യങ്ങൾ ഒരുക്കി 9.8.20മുതൽ 3.10.20 വരെ CFLTC പ്രവർത്തനം നടത്തി. CFLTC യുടെ ചെയർപേഴ്സൺ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്.

സ്പോൺസർഷിപ്പ് വഴി സാധനസാമഗ്രികൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിട്ടിയിൽ നിന്നും 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ 866121/- രൂപ 2020-21 വർഷം ചെലവഴിച്ചു. ബാക്കി തുക നിലവിൽ ഡൊമിസിലറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് വരുന്നു.

മഹാമാരിയുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കിയിട്ടില്ല. കോവിഡ് മൂലം പട്ടിണിയാവാൻ സാധ്യതയുള്ളവരെ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അവർക്ക് കുടുംബശ്രീ ജനകീയ ഭക്ഷണശാലയിൽ നിന്നും പഞ്ചായത്തിന്റെ ചെലവിൽ ഉച്ചഭക്ഷണം നൽകിയിട്ടുണ്ട്.

കൂടാതെ ഓരോ വാർഡിനേയും 10 ക്ലസ്റ്റർ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ പ്രതിരോധ സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

മെഡിക്കൽ ഓഫീസർ ആവശ്യപ്പെടുന്നതനുസരിച്ച് വാർഡ് തലത്തിൽ വിതരണം ചെയ്യുന്നതിനായി 50പൾസ് ഓക്സി മീറ്റർ വാങ്ങി സബ്സെന്റർ വഴി വാർഡുതല ആശാ പ്രവർത്തകർക്ക് കൈമാറിയിട്ടുണ്ട്.

പ്രവാസികളുടെ തിരിച്ചുവരവിൽ ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തിയ വകയിൽ പ്രവർത്തന ചെലവിലേക്കായി 33,01,391/- രൂപയും വാടകയിനത്തിൽ 4188500/-രൂപയും അനുവദിക്കുന്നതിന് DDMAയ്ക്ക് നൽകിയതിൽ 992000/-രൂപ പ്രവർത്തന ചെലവിലേക്കും വാടകയിനത്തിൽ 2792000/-രൂപയും നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

13.9.2021വരെ പഞ്ചായത്തിൽ 3825പേർ കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്. അതിൽ 47പേർ മരണപ്പെട്ടിട്ടുണ്ട്.

<u>നാളിതുവരെ വാക്സിനേഷൻ സ്വീകരിച്ചവരുടെ വിവരം താഴെ ചേർക്കുന്നു.</u>

| പ്രായം | ജനസംഖ്യ | ഒന്നാം ഡോസ് | രണ്ടാം ഡോസ് | ബാക്കി |
|---|---|---|---|---|
| 18-44 | 10808 | 7956 | 1732 | 1201 |
| 45-59 | 7651 | 5416 | 4797 | 540 |
| 60ന് മുകളിൽ | 5609 | 3036 | 2173 | 420 |
| ആകെ | 24068 | 16408 | 8702 | 2161 |

## <u>1-16 കാലിവീപ്പയുടെ വില -18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയില്ല</u>

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 266രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ/ ചെക്ക് നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | 120/20-21 മാപ്പിളശ്ശേരി കാട്ടിക്കുന്ന് റോഡ് ടാറിംഗ് | ഭുവനേന്ദ്രൻ | 3 ബാരൽ | 798 | 144 | 17/ 2021 16.11.20 |
| 2 | 109/21 കമർത്തുശ്ശേരി വാഴക്കാട് റോഡ് ടാറിംഗ് | ബൈജു. ടി.വി | 11 ബാരൽ | 2926 | 527 | 16/ 20-21 16.11.20 1/20-21 21.4.20 |
| 3 | 117/20 സ്റ്റോർ ജംഗ്ഷൻ തേനം പറമ്പ് റോഡ് | സ്വാമി നാഥൻ സി.എസ് | 38 ബാരൽ | 10108 | 1819 | 8/ 20-21 17.9.19 |
| 4 | 108/21 തുരുത്തേൽ മഠം റെയിൽവേ | ബൈജു. കെ | 19 ബാരൽ | 5054 | 908 | 13/ 20-21 12.8.20 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേഷൻ റോഡ് | | | | | |
| 5 | 58/21 ക്കുറിശ്ശേരി പൊന്നാട് റോഡ് ടാറിംഗ് | ഭുവനേ ന്ദ്രൻ.കെ | 17 ബാരൽ | 4522 | 814 | 7571 75/ 8.3.21 |
| 6 | 110/21 ആലുങ്കല് തയ്യിൽ റോഡ് | ഭുവനേ ന്ദ്രൻ.കെ | 11 ബാരൽ | 2926 | 527 | 12/ 20-21 12.8.20 |
| 7 | 154/21 ക്കുറിശ്ശേരി പൊന്നാട് റോഡ് വാർഡ് 2 ടാറിംഗ് | ഭുവനേ ന്ദ്രൻ.കെ | 11 ബാരൽ | 2926 | 527 | 18/21 3.12.20 |
| 8 | 111/21 കാട്ടുവള്ളി വലിയ തയ്യിൽ റോഡ് | ഭുവനേ ന്ദ്രൻ.കെ | 17 ബാരൽ | 4522 | 814 | 14/21 12.8.20 |
| 9 | 74/21 മദർഇന്ത്യ പുത്തൻ പുരയ്ക്കൽ റോഡ് | വരദ കുമാർ | 12 ബാരൽ | 3192 | 575 | 2,15/ 20-21 20.4.20, 16.10.20 |
| 10 | 118/21 ആലുങ്കൽ പള്ളിക്കാവ് റോഡ് | ബൈജു. കെ | 17 ബാരൽ | 4522 | 814 | 29212 23/ 10.7.20 |
| 11 | 162/ കളരിക്കൽ കശുവണ്ടി ഫാക്ടറി റോഡ് | ബൈജു. ടി.വി | 15 ബാരൽ | 3990 | 718 | 27/ 12.3.21 |
| ആകെ | | | | | 8187 | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ 266/-രൂപ നിരക്കിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച നിരക്കിൽ ടാർ വീപ്പയുടെ വില ഈടാക്കിയതിൽ ജി.എസ്.ടി തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പ്രത്യേകം കണക്കാക്കി ഒടുക്ക് വരുത്തേണ്ടതും തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക പരിശോധിച്ച് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിൽ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ജി.എസ്.ടി ഇനത്തിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.9.21) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ കാലിവീപ്പകളുടെ വിലയിൽ നിന്നും 18% ജി.എസ്.ടി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-17 നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - എസ്.ഒ 119/20

ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം

അടങ്കൽ- 3500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2047000/-

തനത് ഫണ്ട് - 1453000/-

കരാറുകാരൻ - രതീഷ് വി.കെ, അളവ് പുസ്തകം 102(1,2,3)/19-20

എഗ്രീഡ് പി.എ.സി- 2970666/-

20.9.2019 ലെ 1(8) നമ്പർ തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ച് 7.11.2019ലെ 3/AE/19-20നമ്പറായി എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 9 മാസമാണ്. അതായത് 6.8.2020ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 23.6.20ലും 22.9.20ലും കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷയോ പഞ്ചായത്ത് കമ്മറ്റി തീരുമാനമോ ഇല്ലാതെതന്നെ രണ്ട് തവണ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതായി കാണുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. 6.8.2020ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി അളവ് പുസ്തക പ്രകാരം പൂർത്തീകരിച്ചിട്ടുള്ളത് 27.2.2021ൽ ആണ്. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. കാല താമസം വരുത്തിയ ആദ്യത്തെ മൂന്ന് മാസക്കാലത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഫൈൻ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/14.9.21) ലഭ്യമാക്കിയ മറുപടിയിൽ 22.3.2020 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതുമൂലവും മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴകൂടാതെ 6 മാസത്തേക്ക് സർക്കാർ ദീർഘിപ്പിച്ചതുകൊണ്ടുമാണ് പിഴ ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 31.7.2021 ലെ സർക്കാർ ഉത്തരവ് 1444/2021/ത.സ്വ.ഭ.വ പ്രകാരമാണ് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴകൂടാതെ 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളത്. ഈ ഉത്തരവ് തിയതിക്കും 5 മാസം മുമ്പേ പൂർത്തിയായ ഈ പ്രവൃത്തിക്ക് പ്രസ്തുത ഉത്തരവ് ബാധകമല്ല. അതുകൊണ്ട് തന്നെയാണ് നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 23.6.20ലും 22.9.20ലും കരാറുകാരന് നോട്ടീസ് നൽകിയിട്ടുള്ളത്. എന്നിരുന്നാലും മറുപടിയുടെ അടിസ്ഥാനത്തിൽ കോവിഡ് സാഹചര്യവും പ്രസ്തുത വാർഡിൽ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന എന്നതും പരിഗണിച്ച് പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പരമാവധി 50% വരെ പിഴയില്ലാതെ ദീർഘീകരണ കാലയളവ് അനുവദിച്ചത് അംഗീകരിച്ചാൽ തന്നെ പ്രസ്തുത പ്രവൃത്തി 21.12.2020ൽ പൂർത്തിയാക്കേണ്ടതായിരുന്നു. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് 21.12.2020 മുതൽ 27.2.21വരെ കാലതാമസം വരുത്തിയ 67ദിവസത്തിന് നിയമാനുസൃത ഫൈൻ (2970666x 1% X67/90= 22115), 22115/-രൂപ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

<u>അസാധ്യവും അപ്രായോഗികവുമായ തിയതികളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിരിക്കുന്നു.</u>

7.8.20ൽ കാലാവധി ദീർഘിപ്പിക്കുന്നതിനായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം വാങ്ങിയിട്ടുള്ളത് 11.01.2021ലാണ്. അതുപോലെ 11.01.2021ൽ വാങ്ങിയ10047,10046നമ്പർ പത്രങ്ങളിൽ 7.12.2020ൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനായി വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതായി കാണുന്നു. മുദ്രപത്രം വാങ്ങുന്നതിന് മുമ്പേയുള്ള തിയതിയിൽ അതേ പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുക അപ്രായോഗികമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-18 ആസ്തി സംരക്ഷണം</u>

പദ്ധതിമാർഗ്ഗരേഖ(സ.ഉ.(കൈ) നം.11/തസ്വഭവ തീയതി.29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

സ്ഥാപനത്തിലെ ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും നാളിതുവരെ ആർജ്ജിച്ച റോഡിതര ആസ്തികൾ പൂർണ്ണമായി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ പല ഭാഗങ്ങളിലും നിർമ്മാണചെലവ് ,അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ, ആസ്തികളുടെ ഡിപ്രീസിയേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് &മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷികവിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആസ്തിസംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ പെടുന്നതാണ്. ആയതിനാൽ ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## <u>1-19 തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -- അപാകതകൾ.</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ. | S0175 /21. |
| അടങ്കൽ | 240000 (CFC) |
| ചെലവ് | 90750. |
| ബിൽനം/ തീയതി. | 24/ 10.11.20. |
| നിർവ്വഹണം | സെക്രട്ടറി. |

പ്രോജക്ട് നം. 175/20-21 (സ്പിൽഓവർ) പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 1210 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിച്ചതിന് ഒരു പോസ്റ്റിന് 75 രൂപ നിരക്കിൽ 90750/- രൂപ കരാറുകാരനായ ഷാജിമോൻ.എസ്, ചക്കാലംചിറ, എസ്.എൽ.പുരം പി.ഒ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു. പഞ്ചായത്തിലെ വിവിധവാർഡുകളിൽ റിപ്പയർ ചെയ്യേണ്ട തെരുവു വിളക്കുകളുടെ വിവരങ്ങൾ എപ്രകാരം ശേഖരിച്ചു എന്നു വ്യക്തമല്ല. പഞ്ചായത്തു ഡയറക്ടറുടെ ജി2/ 44274 / 2015 /17.08.15 നമ്പർ ഉത്തരവു പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ല. നോഡൽ ഓഫീസർ ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മെയിന്റനൻസ് ടീമിനു നൽകേണ്ടതുമാണ്. കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എൻജിനീയറുടെ അംഗീകാരത്തോടെയാണോ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതെന്ന് വ്യക്തമല്ല. മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്ത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ തുക നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ആയതിനാൽ മെയിന്റനൻസ് രജിസ്റ്ററിൽ കരാറുകാരൻ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. അറ്റകുറ്റപ്പണിയുടെ ഭാഗമായി മാറ്റിയ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കരാറുകാരൻ ഹാജരാക്കിയ ലിസ്റ്റിൽ പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടന്ന തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ 12.03.13ലെ 65529/DC3/12 നമ്പർ ഉത്തരവു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട താണെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പു സംബന്ധിച്ച മോണിട്ടറിംഗ് നടത്തേണ്ട വികസനസ്റ്റാൻഡിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ആയത് നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ (8/10.09.21) ഓഡിറ്റ് എൻക്വയറിക്ക്, പദ്ധതി പ്രവർത്തനങ്ങൾക്കായി നോഡൽ ഓഫീസറെ തെരഞ്ഞെടുത്തിട്ടില്ല എന്നും തെരുവുവിളക്ക് സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിഹരിച്ചുപോരുകയാണെന്നും മറുപടി ലഭ്യമാക്കി. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു ഒപ്പു വെച്ച ഫോർമാറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അതിൽ മോണിട്ടറിംഗ് സമിതി മോണിട്ടറിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതും പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തേണ്ടതുമാണ്.

## 1-20 ക്ഷീരകർഷകർക്ക് ധാതുലവണമിശ്രിതവും വിരമരുന്നും നൽകൽ - വിതരണം പൂർണ്ണമല്ല

2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 210000/- രൂപ വകയിരുത്തി വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് ക്ഷീരകർഷകർക്ക് ധാതുലവണമിശ്രിതവും വിരമരുന്നും നൽകൽ (പ്രോജക്ട് നം - S 0031/21).

ചെലവ്

1) ബിൽ നം. 5/20-21/16.3.21 തുക.149096/-

2) ബിൽ നം.6/20-21/16.3.21 തുക.56000/-

1)Professor And Head, Dept.Of Animal Nutrition, തൃശ്ശൂരിന്റെ 10.2.21 ലെ 596/20-21നം. ഇൻവോയ്സ് പ്രകാരം 1600കിലോഗ്രാം ധാതുലവണമിശ്രിതം വാങ്ങി. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Min.Mix For Cattle | 1600kg | 90 | 144000 |
| Transportation Charge | | | 4200 |
| Loading & Unloading Charge | | | 896 |
| TOTAL | | | 149096 |

2) Nectar Lab Associates ൽ നിന്നും 6.2.21 ലെ N2021/2477 നം.ഇൻവോയ്സ് പ്രകാരം 56000/- രൂപ ചെലവഴിച്ച് വിരമരുന്നുകൾ വാങ്ങി.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.

2) സാധനങ്ങളുടെ വിനിയോഗവിവരമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി.14.9.21), ലഭ്യമാക്കിയ മറുപടിയൊന്നിച്ച് സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കി. വിതരണ രജിസ്റ്റർ പേജ് 65 പ്രകാരം,145 ഗുണഭോക്താക്കൾക്ക് 8 കിലോഗ്രാം വീതം 1160 കിലോഗ്രാം ധാതുലവണമിശ്രിതം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 440 കിലോഗ്രാം ധാതുലവണമിശ്രിതം വിതരണം ചെയ്തിട്ടില്ല. ആകെ വാങ്ങിയ 1600 കിലോഗ്രാം ധാതുലവണമിശ്രിതത്തിൽ വിതരണം ചെയ്യാനവശേഷിക്കുന്ന 440കിലോഗ്രാം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിത ജൈവ കർഷകസംഘം M.N.P 2/261, കണിച്ചുകുളങ്ങര പി.ഒ എന്ന സ്ഥാപനത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ സുഭിക്ഷകേരളം പച്ചക്കറി കൃഷി വികസനം എന്ന പ്രോജക്ട് മുഖേന (പ്രോജക്ട് നം.S0129/21) പച്ചക്കറി തൈകൾ വാങ്ങിയതിന് 675000/-രൂപ ചെലവഴിച്ചിട്ടുണ്ട് .പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തതിന്റെയും തൊഴിൽ നികുതി ഈടാക്കിയതിന്റെയും വിശദാംശം ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി

ലഭ്യമാക്കിയില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233 (എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-22 തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് 20-21 വർഷത്തെ തൊഴിലുറപ്പ് പ്രവൃത്തികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1 എം ബുക്കിൽ മെമ്മോ ഓഫ് പേമെന്റ് രേഖപ്പെടുത്താതെ വേജസ് അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ 20-21 വർഷം നടപ്പാക്കിയ എംജി എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ എം ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെയും മെമ്മോ ഓഫ് പേമെന്റ് എഴുതാതെയും അൺസ്കിൽ വേജസും ഡിസ്പ്ലേ ബോർഡിന് തുകയും അനുവദിക്കുകയുണ്ടായി.

ഉദാഹരണം ചുവടെ ചേർക്കുന്നു

A ചേന്നവേലി വാർഡിൽ കടൽതീരത്ത് കാറ്റാടി വച്ച് പിടിപ്പിക്കൽ ( വർക്ക് കോഡ് / 288854)

B.ചുള്ളിയിൽ കടപ്പുറത്ത് കാറ്റാടി തൈകൾ പരിപാലനം രണ്ടാംഘട്ടം ( വർക്ക് കോഡ് -303699 )

ഇത് സംബന്ധമായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ അളവ് പുസ്തകത്തിൽ കൃത്യമായി അളവുകൾ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതിന് ശേഷം മാത്രം പേയ്മെന്റ് അനുവദിക്കേണ്ടതാണ്.

2. ശ്രീ ഹരി പൂപ്പള്ളിക്കാവ് റോഡ് നിർമ്മാണം ( വർക്ക് കോഡ് RC/ 295277) M Book No.132/20-21) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഡിസ്പ്ലേ ബോർഡിനായി 500 - രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്കിൽ മെമ്മോ ഓഫ് പേമെന്റിൽ 5000 /- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 5000 /- രൂപ എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും പേയ്മെന്റ് ഒന്നും തന്നെ നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്. മെറ്റീരിയൽ ഫണ്ട് വരുന്ന മുറയ്ക്ക് പേയ്മെന്റ് ചെയ്യുമ്പോൾ അർഹമായ തുക മാത്രം കരാറുകാരന് അനുവദിക്കേണ്ടതാണ്യ

3.സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകളും സൂക്ഷിച്ചിട്ടുണ്ട്. മിക്ക മസ്റ്റർ റോളുകളിലും തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. . Details Of Materials Received, Evaluation Of Work & Utilization Certificate എന്ന ഭാഗത്ത് വിവരങ്ങൾ ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി കൊള്ളാമെന്ന് അറിയിക്കുകയുണ്ടായി.

4. മെറ്റീരിയൽ വർക്കുകളിൽ ഡിസ്പ്ളേ ബോർഡിനായി തുക നൽകുന്നുണ്ടെങ്കിലും, ഇത് സ്ഥാപിച്ചതായിട്ടുള്ള ഫോട്ടോയോ , ബോർഡ് വാങ്ങിച്ചതിന്റെ ബില്ലോ ലഭ്യമാക്കിയിട്ടില്ല. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇവ പ്രത്യേകം ആണ് സൂക്ഷിക്കുന്നതെന്നും ആയത് വർക്ക് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

5.മെറ്റിരിയൽസ് സ്റ്റാക്ക് ചെയ്ത അളവിൽ കുറവ് വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1-27-1-1) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 2020-21 -ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല .

| ക്രമനം. | പ്രവൃത്തിയുടെ പേര് / | കരാറുകാരൻ ലഭ്യമാക്കിയ ഗ്രാവലിന്റെ അളവ് | അനുവദിച്ച തുക | 20% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദ നീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | പാവനാട് തേനം പറമ്പ് റോഡ് മെറ്റലിംഗ് | 45.135 M3 | 45135 @ 1000/$M^3$ | 36.108 | 36108 | 9027 /- |
| 2 | അറയ്ക്കൽ ഫീനിക്സ് റോഡ് നിർമ്മാണം | 343.8 M3 | 321453 @ 935/$M^3$ | 275.04 | 257162 | 64291 |
| 3 | കുമ്പളത്തറ ചക്കനാട്ട് റോഡ് നിർമ്മാണം | 441.35 M3 | 412662 @ 935/$M^3$ | 353.08 | 330130 | 82532 |
| 4 | മന്നത്താംപറമ്പ് പള്ളിക്കാവ് ചിറ ഗ്രാവൽ റോഡ് നിർമ്മാണം | 331.5 M3 | 309953 | 265.2 | 247962 | 61991 |
| 5 | എഎസ് | 297 M3 | 277695 /- | 237.6 | 222156 | 55539 |

| | | | | | | |
|---|---|---|---|---|---|---|
| | കനാൽ ബണ്ട് ഗ്രാമോദ്ധാരണ സംഘം റോഡ് നിർമ്മാണം | | | | | |

ഇത് സംബന്ധമായി നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 20% കൺസോളിഡേഷൻ കുറവ് ചെയ്താണ് മെഷർമെന്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിച്ചത്. എന്നാൽ കരാറുകാർ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള അളവിൽ നിന്നും 20% കൂടുതൽ സ്റ്റാക്ക്മെഷർമെന്റ് അളവു ബുക്കിൽ രേഖപ്പെടുത്തുകയും ആ അളവിൽ നിന്നും 20% കൺസോളിഡേഷൻ കുറവ് ചെയ്താണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.(11/ 13. 8.21 , 24/15.8.21 ).

## 1-23 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2020-21 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

I) പ്രോജക്റ്റ് നം -S0018/21(New)

പ്രോജക്ടിന്റെ പേര് -എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

വകയിരുത്തൽ

വികസനഫണ്ട്(എസ്.സി.പി) - 1200000/- ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 400000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 1200000/-, ആകെ അടങ്കൽ - 2800000/-

ചെലവ്

വികസനഫണ്ട്(എസ്.സി.പി) - 750000/- ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 0/-

ജില്ലാ പഞ്ചായത്ത് വിഹിതം - 250000/- ആകെ ചെലവ് - 1000000/-

അപാകതകൾ

2800000/-രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും 100000/-രൂപ മാത്രമാണ് ചെലവഴിച്ചത്. 1800000/- രൂപ ചെലവഴിക്കാതിരുന്നതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/9.9.21), ലഭ്യമാക്കിയ മറുപടിയിൽ 28 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിൽ ബ്ളോക്ക്പഞ്ചായത്ത് വിഹിതമായി 4 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ബ്ളോക്ക് പഞ്ചായത്ത് നേരിട്ട് പദ്ധതി നടപ്പിലാക്കിയതിനാൽ ടി വിഹിതം ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 24 ലക്ഷം രൂപയിൽ 10 ലക്ഷം ചെലവഴിച്ചു. കോവിഡ് 19 മഹാമാരിയെ തുടർന്ന് ഉണ്ടായ ലോക്ഡൗൺ മൂലം ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നതിനാലാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നത്. തുക കൈപ്പറ്റിയ 11 ഗുണഭോക്താക്കളിൽ 5 പേർ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | പ്രവൃത്തിയുടെ നിലവിലെ വിവരം |
|---|---|---|---|---|
| 1 | ബാബു ശിവജി വാർഡ് 13 | 50000 | ബിൽനം2 00605520137011 /24.2.21 | വാർക്കൽ കഴിഞ്ഞു |
| | | 75000 | ബിൽനം 2006055201370135123 8 /25.3.21 | |
| 2 | മനോഹരൻ ചെറുകാട്ടുവെളി | 50000 | ബിൽനം 200605520137011/ 24.2.21 | വാർക്കൽ കഴിഞ്ഞു |
| 3 | തങ്കമ്മ ചെറുകാട്ടുവെളി | 50000 | ബിൽനം 200605520137011 /24.2.21 | വാർക്കൽ കഴിഞ്ഞു |
| 4 | അനിൽകുമാർ മൂന്നങ്കൽചിറ | 50000 | ബിൽനം 200605520137011/ 24.2.21 | വാർക്കൽ കഴിഞ്ഞു |
| 5 | സാലിമോൻ ആറുകാട്ടിൽചിറ | 50000 | ബിൽനം 200605520137011 /24.2.21 | നിർമ്മാണം ആരംഭിച്ചു |
| 6 | അമ്മിണി കുറവൻചിറ | 50000 | ബിൽനം 200605520137011 /24.2.21 | അടിത്തറ കെട്ടി. നിർമ്മാണം നടക്കുന്നു. |

തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) പ്രോജക്റ്റ് നം -S0024/21(New)

പ്രോജക്ടിന്റെ പേര് -എസ്.ടി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

<u>വകയിരുത്തൽ</u>

വികസനഫണ്ട്(എസ്.സി.പി) - 50000/-, തനത് ഫണ്ട് - 150000/-

ആകെ അടങ്കൽ - 200000/-

<u>ചെലവ്</u> -ഇല്ല

<u>അപാകതകൾ</u>

200000/-രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും തുകയൊന്നും ചെലവഴിക്കാതിരുന്നതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/9.9.21), എസ്.ടി.വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം കണ്ടെത്തിയ നവീൻ നാഗേഷ്, മാളിയേക്കൽ നികർത്ത് എന്ന ഗുണഭോക്താവിന്റെ വീട് ഇരിക്കുന്ന സ്ഥലം ബാങ്ക് ജപ്തി നടപടി നേരിടേണ്ടി വന്നിട്ടുള്ളതിനാൽ ഗുണഭോക്താവ് പഠനമുറി നിർമ്മാണത്തിന് തയ്യാറായില്ല. അതിനാലാണ് പ്രോജക്ട് നടപ്പിലാവാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. അർഹരായ ഗുണഭോക്താക്കൾ ഇല്ലാതെ പ്രോജക്ട് തയ്യാറാക്കുന്ന പ്രവണത നന്നല്ല.

<u>III) പ്രോജക്ട് നം -S0138/21(Spill Over)</u>

പ്രോജക്ടിന്റെ പേര് -എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

<u>വകയിരുത്തൽ</u>

ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 215000/- ജില്ലാ പഞ്ചായത്ത് വിഹിതം - 400000/- ആകെ അടങ്കൽ - 615000/-

<u>ചെലവ്</u>

ആകെ ചെലവ് - 325000/- (ജില്ലാ പഞ്ചായത്ത് വിഹിതം )

615000/- വകയിരുത്തിയ സ്പിൽ ഓവർപ്രോജക്ടിൽ നിന്നും 325000/- മാത്രമാണ് ചെലവഴിച്ചത്. 290000/- ചെലവഴിക്കാതിരുന്നതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/9.9.21), ബ്ളോക്ക്പഞ്ചായത്ത് വിഹിതം 215000/- രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ടി തുക ലഭ്യമായില്ല. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 75000/- രൂപ ശാന്ത, കൈതവളപ്പിൽ എന്ന ഗുണഭോക്താവിന് മൂന്നാംഗഡുവായി നൽകാനുള്ളതാണ്. ടി മുറിയുടെ വാർക്കൽ കഴിഞ്ഞു. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക കൈമാറുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>IV) പ്രോജക്ട് നം -S0139/21(Spill Over)</u>

പ്രോജക്ടിന്റെ പേര് -എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

<u>വകയിരുത്തൽ</u>

വികസനഫണ്ട്(എസ്.സി.പി) - 675000/-ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 300000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 900000/- ആകെ അടങ്കൽ - 1875000/-

<u>ചെലവ്</u>

വികസനഫണ്ട്(എസ്.സി.പി) - 675000/-ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 300000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 525000/- ആകെ ചെലവ് - 1500000/-

<u>അപാകതകൾ</u>

1875000/-രൂപ വകയിരുത്തിയ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും 1500000/- മാത്രമാണ് ചെലവഴിച്ചത്. 375000/-രൂപ ചെലവഴിക്കാതിരുന്നതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/9.9.21), 1875000/- രൂപ അടങ്കലുള്ള സ്പിൽ ഓവർ പ്രോജക്ടിൽ നിന്ന് 1500000/- രൂപ മാത്രമാണ് ചെലവഴിച്ചതെന്നും കോവിഡ് 19 മഹാമാരിയെ തുടർന്ന് ഉണ്ടായ ലോക്ഡൗൺ മൂലം ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നതിനാലാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നതെന്നും തുക കൈപ്പറ്റിയ 13 ഗുണഭോക്താക്കളിൽ 10 പേർ പ്രവൃത്തി പൂർത്തീകരിച്ചു എന്നും അറിയിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | പ്രവൃത്തിയുടെ നിലവിലെ വിവരം |
|---|---|---|---|---|
| 1 | ദിനേശൻ പി.ബി ആദിത്യഭവൻ | 75000 | ബിൽനം 2006055201370079526 6/2.12.20 | വാർക്കൽ കഴിഞ്ഞു |
| 2 | സരസമ്മ പാപ്പാളിവെളി | 75000 | ബിൽനം 20060552013700795266 /2.12.20 | വാർക്കൽ കഴിഞ്ഞു |
| | | 75000 | ബിൽനം 20060552013701196519 /6.3.21 | |

3) കൃഷ്ണമ്മ, കുറവൻപറമ്പ് എന്ന ഗുണഭോക്താവ് 2019-20 സാമ്പത്തിക വർഷം പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ച് 30.3.20 ൽ 50000/- രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രവൃത്തി പുരോഗതി ആരാഞ്ഞ് പഞ്ചായത്ത് നൽകിയ കത്തുകൾക്ക് (27.1.21,26.2.21,17.8.21), ആരോഗ്യപ്രശ്നങ്ങൾ കൊണ്ടാണ്

നിർമ്മാണം സാധിക്കാതെ വന്നതെന്നും 2021 നവംബർ മാസത്തിന് മുമ്പായി നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും ഗുണഭോക്താവ് ലഭ്യമാക്കിയ മറുപടി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

V) പ്രോജക്ട് നം -S0143/21(Spill Over)

പ്രോജക്ടിന്റെ പേര് -എസ്.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

വകയിരുത്തൽ

വികസനഫണ്ട്(എസ്.സി.പി) - 329428/-തനത് ഫണ്ട് - 14000/- ആകെ അടങ്കൽ - 343428/-

ചെലവ്- ഇല്ല.

അപാകതകൾ

343428/- വകയിരുത്തിയ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുകയൊന്നും ചെലവഴിക്കാതിരുന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/9.9.21), സ്പിൽ ഓവറായി ഏറ്റെടുത്ത മേൽ പ്രോജക്ടിൽ അർഹരായ ഗുണഭോക്താക്കൾ ലഭ്യമല്ലാതിരുന്നതിനാൽ തുക ചെലവഴിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. അർഹരായ ഗുണഭോക്താക്കൾ ഇല്ലാതെ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 1-24 പച്ചക്കറിവിത്ത്, വളം - വിതരണ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

2020-21 സാമ്പത്തിക വർഷം വികസന ഫണ്ട്(എസ്.സി.പി) യിൽ 125000/- രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടാണ് എസ്.സി. പച്ചക്കറിവിത്ത്, വളം, കൂലിചെലവ് (പ്രോജക്ട് നം S0053/21).

ചെലവ്

1) ബിൽ നം.21/20-21/28.3.21/തുക. 35020/- (കൂലിചെലവ്)

2) ബിൽ നം.23/20-21/30.3.21/തുക. 1900/-

3) ബിൽ നം.24/20-21/30.3.21/തുക. 17920/-

എസ്.സി.വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് പച്ചക്കറി വിത്ത്, ജൈവവളം എന്നിവ വിതരണം ചെയ്യുക, പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകുക എന്നതാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

KAICO,District Office, Alappuzha യുടെ 26.03.21 ലെ AMB/332/20-21 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Bone Meal | 512kg | 35 | 17920 |
| Hybrid Veg.Seed | 38pkt | 50 | 1900 |
| TOTAL | | | 19820 |

ആകെ 38 ഗുണഭോക്താക്കൾക്ക് വിത്ത് ഒരു പാക്കറ്റും, വിവിധ അളവിൽ ജൈവവളവും നൽകിയതായി വിതരണ രജിസ്റ്റർ പേജ് 39,40,41ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പച്ചക്കറി വിത്ത്, ജൈവവളം എന്നിവ കൈപ്പറ്റാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,വീട്ടുപേര് | വിത്ത് Pkt | ജൈവവളം Kg |
|---|---|---|---|
| 1 | മായ.എം.ഡി, മാണിപ്പറമ്പിൽ | 1 | 5 |
| 2 | പുരുഷോത്തമൻ, പടാകുളങ്ങരവെളി | 1 | 25 |
| 3 | ചന്ദ്രൻ.കെ, ഇട്ടികണ്ടൻചിറ | 1 | 25 |
| 4 | കാർത്തികേയൻ.എം.കെ | 1 | 10 |
| 5 | അമ്മിണി, ചെറുകാട്ടുവെളി | 1 | 2 |
| 6 | ഗിരിജ.കെ, പാട്ടത്തുവെളി | 1 | 5 |
| 7 | പുഷ്പരാജ്.ബി, കണ്ണംപടവത്ത് വെളി | 1 | 15 |
| 8 | പങ്കജവല്ലി, അജയ്ഭവൻ | 1 | 15 |
| 9 | പ്രഭാവതി.എം, പുതുപ്പറമ്പ് വീട് | 1 | 10 |
| ആകെ | | 9 | 112 |

9 പായ്ക്കറ്റ് പച്ചക്കറി വിത്ത്, 112 കിലോ ഗ്രാം ജൈവവളം എന്നിവ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/14.9.21), വിത്തും വളവും കൈപ്പറ്റാത്ത കർഷകരുടെ വാർഡുകൾ വിതരണ

സമയത്ത് കണ്ടെയിന്മെന്റ് സോൺ ആയിരുന്നതിനാൽ അവരുടെ ഒപ്പ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താൻ സാധിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കുന്നു. രജിസ്റ്ററിലെ കൈപ്പറ്റ് വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

## 1-25 ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി- അപാകതകൾ

പ്രോജക്റ്റ് നം - S 0030/21

പ്രോജക്റ്റിന്റെ പേര് - ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

തനത് ഫണ്ട് - 250000/-

ചെലവ്

1) ചെക്ക് നം.39809 തീയതി.30.3.21 തുക.97188/-, 2) ചെക്ക് നം.2509119 തീയതി.23.4.20 തുക.99905/-

I) KMSCL ന്റെ PRF 6614/25.3.21 ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകൾക്കായി 39438/- രൂപ നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | QTY | Rate | CGST (6%) | SGST (6%) | AMOUNT |
|---|---|---|---|---|---|---|
| 1 | Glucometer | 4 | 312.60 | 75.02 | 75.02 | 1400.44 |
| 2 | Glucometer Strips | 4000 | 7.15 | 1716 | 1716 | 32032 |
| 3 | Lancet | 4000 | 0.90 | 216 | 216 | 4032 |
| Total | | | | | | 37464.44 |
| Handling Charges -5% | | | | | | 1672.52 |
| Handling Charges – GST-18% | | | | | | 301.05 |
| Grand Total | | | | | | 39438 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1)നാളിതുവരെ സാധനങ്ങൾ ലഭ്യമായിട്ടില്ല.

II) ദേവി പ്രിന്റേഴ്സ്, കണിച്ചുകുളങ്ങരയുടെ 2 ബില്ലുകൾ പ്രകാരം 22900/- രൂപ നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം | തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|---|---|
| 1 | 150 | 25.5.21 | NCD Client Register<br>500 Pages With Binding | 18 | 8800 |
| 2 | 151 | 25.3.21 | NCD Client Register<br>500 Pages With Binding | 36 | 14100 |
| ആകെ | | | | | 22900 |

1)ബിൽനം.150പ്രകാരം 8800/- രൂപയുടെ സാധനങ്ങൾ 25.5.21ൽ വാങ്ങിയതായും അതിനുശേഷമുള്ള ബിൽനം. 151 പ്രകാരം 14100/- രൂപയുടെ സാധനങ്ങൾ 25.3.21ൽ വാങ്ങിയതായും രേഖപ്പെടുത്തി യിരിക്കുന്നു. ക്രമപ്രകാരം രണ്ടാമത്തെ ബിൽ പ്രകാരമുള്ള സാധനങ്ങൾ രണ്ട് മാസം മുൻപ് വാങ്ങുവാൻ സാധിക്കുമെന്നത് സംശയാസ്പദമാണ്.

2) രജിസ്റ്ററുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3) രജിസ്റ്ററുകളുടെ വിനിയോഗവിവരമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23,തീയതി.15.9.21) മറുപടി ലഭ്യമാക്കിയില്ല. KMSCL നിന്നും മരുന്നുപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 39438/- രൂപയുടെ ചെലവും, ദേവി പ്രിന്റേഴ്സിൽ നിന്നും വാങ്ങിയതായി കാണിച്ചിട്ടുള്ള NCD Client Register (54 എണ്ണം) സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കാത്തതിനാൽ, 22900/- രൂപയുടെ ചെലവും, ആകെ 62338/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 സാമൂഹ്യ സുരക്ഷാപെൻഷൻ മരണശേഷവും തുക നൽകി

സേവന സോഫ്റ്റ് വെയറിലെ പെൻഷൻ സസ്പെൻഷൻ ലിസ്റ്റും, 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ട് രജിസ്റ്ററും പരിശോധിച്ചതിൽ, മോഹനൻപിള്ള.പി.എൻ, ലക്ഷ്മി നിവാസ് (പെൻഷനർ ഐ.ഡി 104390201618) 21.1.21 ൽ മരണപ്പെട്ടു. എന്നാൽ ടിയാന്റെ മരണശേഷം പെൻഷൻ സസ്പെൻഡ് ചെയ്ത തീയതിയായ 12.7.21 വരെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.12750100192521) വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 7800/- രൂപ നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.25/16.9.21), 20 ദിവസത്തിനകം തുക തിരികെ അടവാക്കാമെന്ന് മറുപടി ലഭ്യമാക്കി. അർഹതയില്ലാത്ത കാലയളവിൽ നൽകിയ തുക 7800/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം -അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എയ്റോബിക് കംപോസ്റ്റ് സ്ഥാപിക്കൽ. |
| പ്രോജക്ടിന്റെ നമ്പർ | SO 124/20-21 (82 / 19-20) തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -അപാകതകൾ. |
| അടങ്കൽ | 1750000. |
| ചെലവ്. | 852636 രൂപ. |
| ബിൽനം/ തീയതി. | 38 / 30.03.21. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടി. |

2020-21ൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പഞ്ചായത്ത് പരിധിയിലെ നാല് സ്കൂളുകളിൽ എം.സി.എഫ് സംവിധാനത്തോടുകൂടിയ എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

പദ്ധതി നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തത് IRTC, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തെയാണ്. പദ്ധതി നടത്തിപ്പിനായി ടെണ്ടർ വിളിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടെണ്ടർ നടപടികൾ കൂടാതെ ടി.സ്ഥാപനത്തെ എപ്രകാരം തെരഞ്ഞെടുത്തു എന്ന് വ്യക്തമാക്കേണ്ടതാണ്.

ജി.ഒ.(പി) നം.311/74/Fin.Dtd.Tvm/30.07.14നം.ഉത്തരവു പ്രകാരം ഗവണ്മെന്റ് ഏജൻസികൾ നേരിട്ടു നടത്തുന്ന പ്രവൃത്തികളിൽ അനിവാര്യ സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ എസ്റ്റിമേറ്റിന്റെ 20% വരെ പണം മുൻകൂർ ആയി നൽകാവുന്നതാണ്. എന്നാൽ, പ്രസ്തുത പദ്ധതിയുടെ 2019-20 ലെ((82 / 19-20) എസ്റ്റിമേറ്റായ 1600000രൂപയുടെ 40% ആയ 640000 രൂപ 5.03.20 ൽ IRTC യുടെ 35951276401 നമ്പർ SBIഅക്കൌണ്ടിലേയ്ക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്.

20-21 ലെ ചെലവ്. ----852636 .(822784 രൂപ 35951276401 നമ്പർ SBIഅക്കൌണ്ടിലേയ്ക്ക് 30.03.21ൽ നൽകി.)

പദ്ധതിനടത്തിപ്പിന്റെ നികുതിയൊഴികെയുള്ള ആകെ ചെലവ് 1281232.831 രൂപയാണ്.

നികുതിയൊഴികെയുള്ള ആകെ ചെലവ് ---- 1281232.831.

മാനേജ്മെന്റ് ചാർജസ് (2.5%)-- 32030.821.

GST(12% Of Construction Cost)-- 153747.940

ഫ്ലഡ് സെസ്സ്1%KCWF 1% -- 25624.657

----------------------------

ആകെ IRTCയ്ക്ക് നൽകിയ തുക 1,492,636.249 രൂപ.

ജി.എസ്.ടി, കെ.സി.ഡബ്ള്യ.എഫ് എന്നീയിനങ്ങളിലെ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ ആനുകൂല്യം ലഭിച്ച സ്കൂളുകളുടെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

## 1-28 അനിവാര്യ ചുമതലകൾ

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യചുമതലകളിൽ ഒന്നാണ്.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 Aമുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്.

18 വാർഡുകളുള്ള പഞ്ചായത്തിൽ വാർഡു 11 ൽ മാത്രമാണ് MCF പ്രവർത്തിക്കുന്നത്. ഇത് പഞ്ചായത്തിലെ മാലിന്യശേഖരണം നടത്തുന്നതിന് അപര്യാപ്തമാണ്.എല്ലാ വാർഡുകളിലും MCF സ്ഥാപിക്കുകയും പഞ്ചായത്തിന്റെ മാലിന്യസംസ്കരണ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ എണ്ണം മാലിന്യസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവമാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉത്തമ മാതൃകയാക്കാവുന്നത് ഉറവിടമാലിന്യസംസ്കരണമാണ്.വ്യക്തിഗതബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് ഉറവിടമാലിന്യസംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താവുന്നതാണ്.സർക്കുലർ നമ്പർ ഡി.സി.1/222/20 തസ്വഭവ തീയതി 10.06.20 പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി.മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.രോഗങ്ങൾ അനിയന്ത്രിതമായി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ മാലിന്യനിർമ്മാർജ്ജനം എന്ന ചുമതലയെ അത് അർഹിക്കുന്ന ഗൌരവത്തോടെ വീക്ഷിക്കേണ്ടതും ജൈവ -അജൈവ മാലിന്യനിർമ്മാർജ്ജനം അതീവജാഗ്രതയോടെ പ്രാവർത്തികമാക്കേണ്ടതുമാണ്.

## 1-29 പാൽവെട്ടം-എൽ.ഇ.ഡി ഗ്രാമം പദ്ധതി -അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാൽവെട്ടം- എൽ.ഇ.ഡി.ഗ്രാമം. |
| പ്രോജക്ട് നം. | S0003/21. |
| അടങ്കൽ | 2040648(സി.എഫ്.സി.) (എൽ.ഇ.ഡി. ബൾബു വാങ്ങൽ)<br>100952 (തനതുഫണ്ട്) ( കെ.എസ്.ഇ.ബി. ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകൽ)<br>ആകെ - 2141600 രൂപ. |
| ചെലവ്. | 1663200(സി.എഫ്.സി.) ( ബിൽ.നം /36/30.03.21 )<br>5050 (തനതുഫണ്ട്)<br>ആകെ -16,68,250 രൂപ. |
| നിർവ്വഹണോദ്യോഗസ്ഥൻ. | സെക്രട്ടറി. |

ഗ്രാമപഞ്ചായത്തിലെ 18 വാർഡിലും എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കുന്നതിനും, കെ.എസ്.ഇ.ബി.ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകുന്നതിനുമായി വിഭാവനം ചെയ്ത പദ്ധതി പ്രകാരം കരാർ എടുത്തിട്ടുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 729 LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങിയിട്ടുണ്ട്. സ്ഥാപനം പഞ്ചായത്തുമായി ചേർന്ന് ചമച്ചിട്ടുള്ള കരാർ രേഖകളിൽ പദ്ധതിനടത്തിപ്പിനായി നൽകുന്ന എൽ.ഇ.ഡി.ലൈറ്റുകളുടെ വാറന്റി എത്ര വർഷമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതിനടത്തിപ്പിനായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ്. കൊല്ലം എന്ന സ്ഥാപനം 15.12.20 ലെ 630,631,632,633,634 എന്നീ ഇൻവോയിസുകൾ പ്രകാരം 729 LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം ലഭ്യമാക്കിയതിന് സ്ഥാപനം 15.12.20 ൽ സെക്രട്ടറിക്ക് അയച്ച കത്തു പ്രകാരം 2187005/-രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ 6.03.21 ലെ ഇൻവോയിസ് നം. 830 പ്രകാരം 729 ലൈറ്റ് സിസ്റ്റത്തിന്റെ വിലയായ 2041600 രൂപയുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട് എന്നാൽ LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങുന്നതിനുള്ള അടങ്കൽ 2040648 രൂപ മാത്രമാണ്. ഇതിൽ ഏതു ബിൽ പ്രകാരമാണ് തുക നൽകിയിരിക്കുന്നത് എന്നു വ്യക്തമല്ല. 1663200 രൂപ എപ്രകാരമാണ് കണക്കാക്കി നൽകിയിരിക്കുന്നത് എന്നും വ്യക്തമല്ല. ആകെ തുകയുടെ എത്ര ശതമാനമാണ് ആദ്യഗഡുവായി നല്കേണ്ടതെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

9.04.2021 ൽ, മാനേജർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ്.- ന് സെക്രട്ടറി അയച്ച കത്തു പ്രകാരം പ്രസ്തുത പദ്ധതിയനുസരിച്ച് സ്ഥാപിച്ച 594 എണ്ണം LED സ്ട്രീറ്റ് ലൈറ്റുകളിൽ നിരവധി എണ്ണം പ്രവർത്തന രഹിതമായിരിക്കുന്നു എന്നും കരാർ പ്രകാരമുള്ള അറ്റകുറ്റപ്പണികൾ നടത്തി നൽകേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി

നമ്പർ 13/13.09 .21 പ്രകാരം ആവശ്യപ്പെട്ടിട്ടും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥാപിക്കാൻ ബാക്കി നിൽക്കുന്ന 135 LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, ലൈറ്റുകൾ സ്ഥാപിച്ചതിനുള്ള സൂപ്പർവിഷൻചാർജ്ജ് നൽകിയതിന്റെ രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം (കെ.എസ്.ഇ.ബിയിൽനിന്നും ലഭ്യമാക്കിയത്) എന്നിവ ഹാജരാക്കിയിട്ടില്ല. 591 LED ലൈറ്റുകൾ സ്ഥാപിച്ചതിനുള്ള സൂപ്പർവിഷൻചാർജ്ജ് ആയ 14700 രൂപയുടെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സൂപ്പർവിഷൻചാർജ്ജ് കണക്കാക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം13/ 13.09.21), ബാക്കിയുള്ള ലൈറ്റുകൾ 2021-22 വർഷമാണ് സ്ഥാപിച്ചതെന്നും എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച രേഖകളൊന്നും തന്നെ സ്ഥാപനം സമർപ്പിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനാവശ്യമായ രേഖകൾ യഥാസമയം വാങ്ങി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-30 വെള്ളക്കരം- വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല.

വാട്ടർ അതോറിട്ടിയുടെ ബില്ലുകൾ പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 343 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ടാപ്പുകൾക്ക് തൻവർഷം പ്രതിമാസം 150063 രൂപ വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.

വാട്ടർഅതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത പരിശോധിച്ചതിന്റെ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. കേന്ദ്രസംസ്ഥാന സർക്കാരുകൾ തദ്ദേശസ്ഥാപനങ്ങൾ വഴി എല്ലാ ഗ്രാമീണജനവിഭാഗങ്ങൾക്കും തടസ്സമില്ലാതെ സുരക്ഷിതമായ കടിവെള്ളം വീട്ടിനുള്ളിൽ തന്നെ ലഭ്യമാക്കുന്ന ജലജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആകെ ചെലവിന്റെ 10% മാത്രമാണ് ഗുണഭോക്താവിന് ചെലവാക്കേണ്ടിവരുന്നത്. (45% കേന്ദ്രം, 30% സംസ്ഥാനം, 15% പഞ്ചായത്ത്, 10%ഗുണഭോക്തൃവിഹിതം.) ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ലഭ്യമാക്കുകയും, വാട്ടർ അതോറിട്ടിയും പഞ്ചായത്തും ചേർന്ന് സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ നിർത്തലാക്കുകയും ചെയ്ത് പഞ്ചായത്തിലെ വെള്ളക്കരം ഇനത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 സാമൂഹ്യസുരക്ഷ പെൻഷൻ – മരണശേഷവും തുക നൽകി

സേവന സോഫ്റ്റ് വെയറിലെ പെൻഷൻ സസ്പെൻഷൻ ലിസ്റ്റും, 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ട് രജിസ്റ്ററും പരിശോധിച്ചതിൽ, മോഹനൻപിള്ള.പി.എൻ, ലക്ഷ്മി നിവാസ് (പെൻഷനർ ഐ.ഡി 104390201618) 21.1.21 ൽ മരണപ്പെട്ടു. എന്നാൽ ടിയാന്റെ മരണശേഷം പെൻഷൻ സസ്പെൻഡ് ചെയ്ത തീയതിയായ 12.7.21 വരെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.12750100192521) വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 7800/- രൂപ നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.25/16.9.21), 20 ദിവസത്തിനകം തുക തിരികെ അടവാക്കാമെന്ന് മറുപടി ലഭ്യമാക്കി. അർഹതയില്ലാത്ത കാലയളവിൽ നൽകിയ തുക 7800/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മാരോരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2020- 2021 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.ബാലൻസ് ഷീറ്റിലെ B3 ഷെഡ്യൂൾ പ്രകാരമുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക ഷെഡ്യൂൾ B11 ,B11(A) എന്നിവയുടെ ആകെ തുകയുമായി പൊരുത്തപ്പെടുന്നില്ല

3. B5 (Secured Loan ) + B6(Unsecured Loan ) = B16

വാർഷിക കണക്ക് പ്രകാരം B5 - 45828040/- രൂപയും അൺസെക്വേർഡ് ലോൺ പഞ്ചായത്തിൽ ഇല്ലാത്ത സാഹചര്യത്തിൽ B16- 45828040 /- രൂപ തന്നെയാണ് ചേർക്കേണ്ടത്. എന്നാൽ B16 ൽ 45548040 /- രൂപ എന്നാണ് ചേർത്തിട്ടുള്ളത്. വ്യത്യാസം 280,000/-രൂപ. KURDFC ലോൺ ലഭ്യമായതിൽ അൺസ്പെന്റ് ബാലൻസ് ആയി നിലനിൽക്കുന്ന ഈ തുക 21-22 വർഷം ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

4. ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ 550000/- രൂപ ഡെവലപ്പ്മെന്റ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ്സ് ഇനത്തിലും , 3697719 /- രൂപ ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിലും ബാധ്യതയായി കാണിച്ചിട്ടുണ്ട്. ബാലൻസ് നിൽക്കുന്നതുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7583634/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8080302/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

6.ആസ്തി വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല

7. I- 7ഷെഡ്യൂൾ പ്രകാരം ഫിക്സഡ് ഡിപ്പോസിറ്റിന്റെ പലിശയിനത്തിൽ ലഭിച്ച തുക 2658975 /- രൂപയാണ് യഥാർത്ഥത്തിൽ ലഭിച്ച തുക 2173621 /- രൂപയാണ്

8. 20-21 വർഷം ലേലം ഇനത്തിൽ ലഭിച്ച തുക50,000 /- രൂപ റസീപ്റ്റ്സ് ഫ്രം ഓക്ഷൻ ഓഫ് ഒബ്സല്യൂട്ട് എന്ന ഹെഡിൽ പോസ്റ്റുചെയ്യുന്നതിന് പകരം ഓക്ഷൻ ഡിപ്പോസിറ്റ് എന്ന ഹെഡിൽ തെറ്റായി പോസ്റ്റ് ചെയ്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 775000 | എസ്.സി. വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥി കൾക്ക് പഠനമുറി | 775000 | 00 |
| | 2020-21 | 100000 | അംഗനവാടി പോഷകാഹാരം | 100000 | 00 |
| | 2020-21 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്കുള്ള സ്കോളർഷിപ്പ് | 500000 | 00 |
| | 2020-21 | 200000 | അഗതി ആശ്രയ പദ്ധതി | 200000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50000 | വൃദ്ധർക്ക് കട്ടിൽ | 50000 | 00 |
| | 2020-21 | 700000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്കുള്ള സ്കോളർഷിപ്പ് | 700000 | 00 |
| | 2020-21 | 122400 | ഹരിത കേരളം | 122400 | 00 |
| | 2020-21 | 50000 | സുഭിക്ഷ കേരളം പച്ചക്കറി വികസനം | 50000 | 00 |
| | 2020-21 | 323000 | സുഭിക്ഷ കേരളം പച്ചക്കറി നെൽകൃഷി വികസനം | 323000 | 00 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കപ്പെടാതെ 116700/- രൂപ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന 98395/- ചെലവഴിക്കാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | റർബൻ മിഷൻ വിവിധ | 22000132/ 16.5.2020 | 80,00,000/- | 00 | 80,00,000/- |

| | | | | |
|---|---|---|---|---|
| | കനാലുകളുടെ നവീകരണം | | | |

മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് നൽകിയ 2,09,000/-രൂപയും കെ.എസ്.ഇ.ബിക്ക് നൽകിയ 2,33,56,404/-രൂപയും ഇറിഗേഷൻ വകുപ്പിന് നൽകിയ3,07,26,425/-രൂപയും ANERT-ന് നൽകിയ 2910600/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/ തസ്വഭവ 18.8.2018 | 4560000 | 45204707 | 3936667 | 00 | 45828040 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 31561552 |
| തൻവർഷം നിക്ഷേപിച്ച തുക | 2173621 |
| ആകെ | 33735173 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6414594 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27320579 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 13306 | 2954/26.11.20 |
| | 390039 | 6393/11.5.20 |
| | 6340418 | 3041/27.11.20 |
| | 5887427 | 3110/24.12.20 |
| | 5887427 | 3109/24.12.20 |
| | 1699749 | 5321/11.1.21 |
| | 1702213 | 5320/4.1.21 |
| | 5400000 | 1034/4.7.20 |
| ആകെ | 27320579 | |

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-12 പ്രകാരം നീക്കിയിരിപ്പ് 27773906 രൂപയാണ്. 453327/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2014-15 | 3-11 | 32835 | സുഹാസിനി എ.ഇ അസിസ്റ്റന്റ് ഡയറക്ടർ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ | 120020500027/ 4.11.20 | 450230101 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103951041 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111534675 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 612338 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7800 | ശ്രീമതി.അജിതകുമാരി. എൽ സെക്രട്ടറി |
| ആകെ | 7800 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 550000 | ഡോ.വിദ്യ.എം.പൈ. മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-25 | 62338 | ഡോ.രജനി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 612338 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-16 , 8187/-രൂപ

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിദ്യ.എം.പൈ. മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ | കുണ്ടേലാറ്റ് ഹൗസ്. തിരുപ്പതി ലെയിൻ എസ്.എൻ.പുരം. |
| ശ്രീമതി.അജിതകുമാരി. എൽ സെക്രട്ടറി | സെക്രട്ടറി മാരാരിക്കുളം വടക്ക് പഞ്ചായത്ത് | നടുവിലപ്പറമ്പ് കരിക്കാട് പി.ഒ, തണ്ണീർമുക്കം ചേർത്തല |
| ഡോ.രജനി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വൃന്ദാവനം, ടി.സി 1918-1 തിരുമല പി.ഒ തിരുവനന്തപുരം |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 2011-12 & 12-13 | 2-2,3.1,3-2,3-5, 3-6,3-9, 3-12 മുതൽ 3-15, 3-18 മുതൽ 3-21 | LFA ALP/8/479/2015/ 14.7.15 |
| 2013-14 | 2-1, 2-3, 2-6, 3-2,3-3, 3-6, 3-9, 3-11, 3-12,3-14, 3-15,3-17 | KSA-ALP/P8 559/15/ 29.2.16 |
| 2014-15 | 2-2,2-3,2-4, 3-3,3-4, 3-6, 3-7, 3-8 | KSA-ALP/P8 633/16/16.6.16 |
| 2015-16 | 2-1,2-3, 2-5, 2-6, 3-1,മുതൽ 3-4, 3-7, 4-1 | KSA-ALP/P8 1528/16/ 13.1.17 |
| 2016-17 | 2-1,2-2,2-4,2-5,2-6, 3-1 മുതൽ 3-16 | KSA-ALP/P8 860/17/ 10.7.17 |
| 2017-18 | 2-1 മുതൽ 2-8, 3-1 മുതൽ3-16 | KSA-ALP/P8 317/19/ 4.5.19 |
| 2018-19 | 1-10 മുതൽ 1-27 | KSA-ALP/P8 148/20/ 13.2.20 |
| 2019-20 | 1-10 മുതൽ 1-24 | KSA-ALP/P8 -384/21/ 12.4.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്